**GE-DA2/211/2023-G.EDN**

"ഭരണഭാഷ-
മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - ചെങ്ങന്നൂർ ആർ.ഡി.ഡി ഓഫീസിലെ ജീവനക്കാർക്കെതിരെയുള്ള അച്ചടക്കനടപടി - ഒഴിവാക്കി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ഡി.എ) വകുപ്പ്**

സ.ഉ.(സാധാ) നം.3491/2026/GEDN തീയതി,തിരുവനന്തപുരം, 22-05-2026

---

പരാമർശം:-
1. 02.06.2023-ലെ സ.ഉ.(സാധാ) നം 3211/2023/പൊവിവ
2. 22.07.2023-ലെ സ.ഉ(സാധാ) നം 4242/2023/പൊവിവ
3. 26.12.2023-ലെ സ.ഉ.(സാധാ) നം.8232/2023/GEDN
4. 18.11.2023-ലെ DA2/211/2023 നം കുറ്റപത്രം
5. 29.01.2024-ലെ DA2/211/2023 നം കുറ്റപത്രം
6. 20.05.2024-ലെ DA2/211/2023 നം കുറ്റപത്രം
7. കുറ്റാരോപിതർ സമർപ്പിച്ച പ്രതിവാദപത്രിക
8. 27.08.2024 ലെ സ.ഉ (സാധാ) നം 5266/2024/പൊവിവ
9. 26/09/2025 ലെ സ.ഉ (സാധാ) നം 7546/2025/പൊ.വി.വ
10. 16.12.2025 ലെ സ.ഉ(സാധാ) നം.10295/2025/പൊവിവ
11. പൊതുവിദ്യാഭ്യാസ (ഹയർ സെക്കൻഡറി വിഭാഗം ) ഡയറക്ടറുടെ 08.11.2025 എച്ച്.എസ്.ഇ/13513/2023-എഡിഎ1 നം കത്ത്

**ഉത്തരവ്**

ചെങ്ങന്നൂർ ആർ.ഡി.ഡി ഓഫീസിന്റെ പ്രവർത്തനം സംബന്ധിച്ച് നിരവധി പരാതികൾ സർക്കാരിൽ ലഭ്യമായതിനാൽ ടി ഓഫീസിൽ സർക്കാർ തലത്തിൽ 20.05.2023, 24.05.2023, 25.05.2023 എന്നീ ദിവസങ്ങളിൽ നടത്തിയ ആകസ്മിക പരിശോധനയിൽ നിരവധി ക്രമക്കേടുകൾ കണ്ടെത്തിയിരുന്നു.

2.05.09.2022-ലെ 5265/C9/2022/RDD/CNGR എന്ന ഉത്തരവ് ആർ.ഡി.ഡി/എ.ഒ എന്നിവരുടെ ഉത്തരവില്ലാതെ വ്യാജമായി തയ്യാറാക്കിയ വിഷയത്തിലും വിവിധ ക്രമക്കേടുകൾക്ക് കാരണമായ സൂപ്പർവൈസറി വീഴ്ച വരുത്തിയതിനും ചെങ്ങന്നൂർ ആർ.ഡി.ഡി ഓഫീസിലെ മുൻ ജൂനിയർ സൂപ്രണ്ട് ശ്രീമതി.മായ. എം. ജി, വ്യാജ ഉത്തരവ് തയ്യാറാക്കിയ വിഷയത്തിലും, 2018-ലെ പ്രളയദുരിതാശ്വാസ നിധിയിലേയ്ക്ക് ആർജ്ജിതാവധി സറണ്ടർ ചെയ്ത് സംഭാവന

നല്കിയ തുക ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് ഒടുക്കാതിരുന്ന വിഷയത്തിലും, C9 സെക്ഷനിൽ കൈകാര്യം ചെയ്തിരുന്ന നിരവധി ഫയലുകളിൽ കാലതാമസം വരുത്തിയ വിഷയത്തിലും മുൻ സീനിയർ ക്ലർക്ക് ശ്രീ. സതീഷ് കുമാർ.കെ എന്നിവരെ 1960-ലെ KCS (CC&A) Rule 15 പ്രകാരം അച്ചടക്കനടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി, പരാമർശം (1) പ്രകാരം സസ്പെന്റ് ചെയ്യുകയും ടിയാളുകൾക്ക് പരാമർശം (4) പ്രകാരം കുറ്റപത്രം കുറ്റാരോപണ പത്രിക എന്നിവ നൽകുകയും ചെയ്തിരുന്നു. വ്യാജ ഉത്തരവ് ചമച്ചതുമായി ബന്ധപ്പെട്ട് ജൂനിയർ സൂപ്രണ്ട് ശ്രീമതി.സുജാത ബേബി, ടൈപ്പിസ്റ്റ് ശ്രീമതി.ഷീജമോൾ.എ.ആർ എന്നിവർക്കെതിരെ മേജർ ശിക്ഷയ്ക്കുള്ള അച്ചടക്കനടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി പരാമർശം (4) പ്രകാരം കുറ്റപത്രം നല്കിയിരുന്നു.

3.കുറ്റാരോപിതർ പരാമർശം (7) പ്രകാരം സമർപ്പിച്ച പ്രതിവാദപത്രികയിലെ വാദം തൃപ്തികരമല്ലാത്തതിനാൽ ടിയാളുകൾക്കെതിരെ ആരംഭിച്ച അച്ചടക്കനടപടി തുടരാനും ആയതിന്റെ ഭാഗമായി ഔപചാരിക അന്വേഷണം നടത്തുന്നതിന് ഹയർ സെക്കൻഡറി ഡയറക്ടറേറ്റിലെ ജോയിന്റ് ഡയറക്ടർ (അക്കാദമിക്) - നെ ചുമതലപ്പെടുത്തിയും പരാമർശം (8) പ്രകാരം ഉത്തരവായിരുന്നു. കുറ്റാരോപിതരുടെ ഭാഗത്ത് നിന്നും വീഴ്ച വന്നിട്ടുണ്ടെന്ന് ഔപചാരിക അന്വേഷണത്തിൽ കണ്ടെത്തിയിരുന്നു.

4.RDD ഓഫീസിലെ എസ്റ്റാബ്ലിഷ്മെന്റ് ബില്ലുകൾ പരിശോധിക്കുന്നതിന് ജൂനിയർ സൂപ്രണ്ടിന് USER ID PASSWORD എന്നിവ ലഭ്യമല്ലെന്ന പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും ശ്രീമതി.സുജാത ബേബിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിലും ടിയാൾക്കെതിരായ അച്ചടക്ക നടപടി പരാമർശം (9) പ്രകാരം തീർപ്പാക്കിയിരുന്നു.വ്യാജ ഉത്തരവ് തയ്യാറാക്കിയ വിഷയത്തിൽ ശ്രീമതി.മായ.എം.ജിയുടെ ഭാഗത്ത് നിന്നും വീഴ്ചകൾ ഒന്നും സംഭവിച്ചിട്ടില്ല എന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ടിയാൾക്കെതിരായ അച്ചടക്ക നടപടി പരാമർശം (10) പ്രകാരം ഒഴിവാക്കി തീർപ്പാക്കിയിരുന്നു.

5. ടി ഓഫീസിൽ നിരവധി തപാലുകൾ നടപടികൾ സ്വീകരിക്കാതെ പെൻഡിംഗ് ആയി സൂക്ഷിച്ചിട്ടുള്ളതായും പേഴ്സണൽ രജിസ്റ്ററുകൾ കൃത്യമായി എഴുതാതിരിക്കുകയും അപ്രൂവൽ ഓഫ് അപ്പോയിന്റ്മെന്റ് സംബന്ധിച്ച നിരവധി ഫയലുകളിൽ കൃത്യമായി നടപടിയെടുക്കാതെയും അനാവശ്യ ക്വറികളുന്നയിച്ചും സൂക്ഷിച്ചിരിക്കുന്നതായും തീർപ്പാക്കിയ ഫയലുകളും നിലവിലുള്ള ഫയലുകളും വേർതിരിക്കാതെ അലക്ഷ്യമായി കൈകാര്യം ചെയ്യുന്നതായും പേഴ്സണൽ രജിസ്റ്ററുകൾ യഥാസമയം പരിശോധനയ്ക്ക് സമർപ്പിക്കാതെയും ടി ഓഫീസിലെ ഉദ്യോഗസ്ഥർ ക്രമക്കേടുകൾ കാട്ടിയതായി അന്വേഷണസംഘം റിപ്പോർട്ട് ചെയ്തിരുന്നു. കൂടാതെ വർഷങ്ങളായി ഒരേ ഉദ്യോഗസ്ഥർ തന്നെ ഒരേ സീറ്റിൽ ജോലി ചെയ്തുവരുന്നതായും കണ്ടെത്തിയിരുന്നു. ടി ഓഫീസിലെ ക്ലർക്കുമാർ

ഔദ്യോഗിക ആവശ്യങ്ങൾക്കായി ഓഫീസിനെ സമീപിക്കുന്ന പൊതുജനങ്ങളോടും സ്കൂൾ ജീവനക്കാരോടും മേലുദ്യോഗസ്ഥരോടും ധിക്കാരത്തോടെ പെരുമാറുന്നതായും മേലുദ്യോഗസ്ഥരുടെ നിർദ്ദേശങ്ങൾ അനുസരിക്കാറില്ലായെന്നും റിപ്പോർട്ട് ചെയ്തിരുന്നു. സർക്കാർ ഈ വിഷയം പരിശോധിക്കുകയും സീനിയർ ക്ലർക്കുമാരായ ശ്രീമതി.സൗമ്യദേവി. യു, ശ്രീമതി. നീതു മനോഹർ, ശ്രീമതി അമ്പിളി, ശ്രീമതി .അനുരാധ. ജി, ശ്രീമതി. അമൃത. ടി. മുരളി, ശ്രീമതി. ദീപ. ബി എന്നിവരെ ശിക്ഷാനടപടിയുടെ ഭാഗമായി പരാമർശം(2) പ്രകാരം മറ്റ് ഓഫീസുകളിലേക്ക് സ്ഥലംമാറ്റുകയും ടിയാളുകൾക്കെതിരെ പരാമർശം(5),(6) എന്നിവ പ്രകാരം 1960-ലെ KCS (CC&A) Rule 16 പ്രകാരം അച്ചടക്കനടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി കുറ്റപത്രം കുറ്റാരോപണ പത്രിക എന്നിവ നല്കുകയും ചെയ്തു. ആയതിന് ടിയാളുകൾ പരാമർശം(7) പ്രകാരം സമർപ്പിച്ച പ്രതിവാദപത്രികയിൽ, കുറ്റപത്രത്തിലെ ആരോപണങ്ങൾ അടിസ്ഥാനരഹിതമാണെന്നും മേലുദ്യോഗസ്ഥരുടെ നിർദ്ദേശങ്ങൾ പാലിച്ചില്ല എന്ന പേരിൽ ടിയാളുകൾക്ക് മെമ്മോ/വിശദീകരണം ആരായുകയോ ചെയ്തിട്ടില്ല എന്നും വാദിച്ചിരുന്നു. ഈ വിഷയത്തിൽ സീനിയർ ക്ലർക്കുമാരായ ശ്രീമതി. സൗമ്യദേവി.യു, ശ്രീമതി നീതു മനോഹർ, ശ്രീമതി. അമ്പിളി, ശ്രീമതി. അനുരാധ. ജി, ശ്രീമതി. അമൃത ടി മുരളി, ശ്രീമതി.ദീപ. ബി എന്നിവരുടെ പ്രതിവാദപത്രികയിലെ വാദങ്ങളിൽ വസ്തുത ഉണ്ടെന്ന് പരാമർശം (11) പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചിരുന്നു.

6. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ചെങ്ങന്നൂർ ആർ.ഡി.ഡി.-യിലെ മുൻ ജൂനിയർ സൂപ്രണ്ട് ശ്രീമതി.സുജാത ബേബിയെ പരാമർശം (9) പ്രകാരവും മുൻ ജൂനിയർ സൂപ്രണ്ട് ശ്രീമതി.മായ.എം.ജിയെ പരാമർശം (10) പ്രകാരവും പൂർണ്ണമായും കുറ്റവിമുക്തരാക്കിയിട്ടുള്ള സാഹചര്യത്തിലും മുൻ ടൈപ്പിസ്റ്റ് ശ്രീമതി. ഷീജാ മോൾ എ. ആർ, സീനിയർ ക്ലർക്കുമാരായ ശ്രീ സതീഷ് കുമാർ കെ.ടി, ശ്രീമതി അനുരാധ ജി, ശ്രീമതി ദീപ ബി, ശ്രീമതി നീതു മനോഹർ, ശ്രീമതി അമൃത ടി മുരളി, ശ്രീമതി അമ്പിളി എസ്, ശ്രീമതി സൗമ്യ ദേവി യു എന്നിവർ ഫയലുകളിൽ വീഴ്ച വരുത്തി എന്നും രജിസ്റ്ററുകൾ പരിശോധനയ്ക്ക് സമർപ്പിച്ചിട്ടില്ല എന്നും പറഞ്ഞിരിക്കുന്ന ആരോപണങ്ങളിൽ അവർ സമർപ്പിച്ച മറുപടികളുടെയും നിവേദനങ്ങളുടെയും വാദഗതികളുടെയും അടിസ്ഥാനത്തിലും ടിയാളുകൾക്കെതിരെ പരാമർശം(4),(5),(6) എന്നിവ പ്രകാരം സർക്കാർ തലത്തിൽ ആരംഭിച്ച അച്ചടക്കനടപടിയിൽ നിന്നും പൂർണമായും ഒഴിവാക്കി ഇതിനാൽ തീർപ്പാക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ബിന്ദു ആർ ആർ

ഡെപ്യൂട്ടി സെക്രട്ടറി

1.പൊതുവിദ്യാഭ്യാസ (ഹയർസെക്കന്ററി വിഭാഗം)ഡയറക്ടർ, തിരുവനന്തപുരം

2.ശ്രീമതി ഷീജാ മോൾ എ. ആർ/ശ്രീ സതീഷ് കുമാർ കെ.ടി/ ശ്രീമതി അനുരാധ ജി/ശ്രീമതി ദീപ ബി/ശ്രീമതി നീതു മനോഹർ/ശ്രീമതി അമൃത ടി

മുരളി/ശ്രീമതി അമ്പിളി എസ്/ശ്രീമതി സൗമ്യ ദേവി യു (പൊതു വിദ്യാഭ്യാസ ഡയറക്ടർ മുഖേന)

3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, കേരള തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
5. വെബ് (കൈറ്റ്സ്/ന്യൂ മീഡിയ)
6. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Dhanya M B
Date: 22-05-2026 15:35:05
സെക്ഷൻ ഓഫീസർ

പകർപ്പ് :-

ബഹു പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

പൊതുവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ യ്ക്ക്